# വിയോജിക്കാനും സ്വാതന്ത്ര്യം വേണം: എം എൻ കാരശ്ശേരി

കോഴിക്കോട്: യോജിക്കാനുള്ള സ്വാതന്ത്ര്യത്തോടൊപ്പം വിയോജിക്കാനുള്ള സ്വാതന്ത്ര്യവും പൗരനുണ്ടാവണമെന്ന് എഴുത്തുകാരൻ എം എൻ കാരശ്ശേരി.

ബിനായക് സെന്നിന്റെയും ടിസ്റ്റ സെറ്റൽവാദിന്റെയും ഉൾപ്പെടെയുള്ള പൗരാവകാശ പ്രവർത്തകർക്കെതിരേയുള്ള ഭരണകൂടത്തിന്റെ ജനാധിപത്യ വിധ്വംസക പ്രവർത്തനത്തിനെതിരേ മതേതര സമാജം സംഘടിപ്പിച്ച പൗരാവകാശ ജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

മതവും രാഷ്ട്രീയവും വിയോജിക്കാനുള്ള പൗരന്റെ അടിസ്ഥാന അവകാശത്തിന് കൂച്ചുവിലങ്ങിടാൻ ശ്രമിക്കുകയാണെന്നും കാരശ്ശേരി പറഞ്ഞു. ഉണർന്നിരുന്നില്ലെങ്കിൽ നഷ്ടപ്പെടുന്നത് ജനങ്ങളുടെ സ്വാതന്ത്ര്യമാണെന്നും അദ്ദേഹം പറഞ്ഞു. അഡ്വ. മഞ്ചേരി സുന്ദരരാജ്, വി കെ സദാനന്ദൻ, ആർ മോഹനൻ, അഡ്വ. ആനന്ദകനകം, അഡ്വ. വിനോദ് പയ്യട, എ ശേഖർ, പി വിജി, വിധു വിൻസന്റ് സംസാരിച്ചു.



മതേതര സമാജത്തിന്റെ ആഭിമുഖ്യത്തിൽ കോഴിക്കോട്ട് സംഘടിപ്പിച്ച പൗരാവകാശ ജാഗ്രതാ ജാഥ കിഡ്സൺ കോർണറിൽ എം എൻ കാരശ്ശേരി ഉദ്ഘാടനം ചെയ്യുന്നു

THEJAS 18/1/2001